# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **4051**.

**20-03-2018 ൽ മറുപടിയ്ക്ക്**

## കേന്ദ്ര സഹായം ലഭിക്കുന്ന പദ്ധതികൾ

**ചോദ്യം**

ശ്രീ.അടൂർ പ്രകാശ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2017-18 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പിന് കീഴിൽ നൂറുശതമാനം കേന്ദ്ര സഹായം ലഭിക്കുന്നതും അൻപതുശതമാനം കേന്ദ്ര സഹായം ലഭിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണ്; | (എ) | **2017-2018 സാമ്പത്തിക വർഷത്തിൽ കൃഷിവകുപ്പിന് 100% കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികൾ :**<br>a) നാഷണൽ ബയോഗ്യാസ് മാമ്പർ മാനേജ്മെന്റ് പ്രോഗ്രാം<br>b) കോക്കനട്ട് ഡവലപ്മെന്റ് ബോർഡ് പദ്ധതിയിൽ നാളികേര വികസന ബോർഡ് മുഖേന നടപ്പിലാക്കുന്ന ഒരു ഘടകമായ റീപ്ലാന്റിംഗ് ആന്റ് റെജുവനേഷൻ ഓഫ് ഓൾഡ് കോക്കനട്ട് ഗാർഡൻ.<br>**2017-2018 സാമ്പത്തിക വർഷത്തിൽ കൃഷിവകുപ്പിന് 50% കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികൾ:**<br>കോക്കനട്ട് ഡവലപ്മെന്റ് ബോർഡ് പദ്ധതിയിൽ നാളികേര വികസന ബോർഡ് മുഖേന നടപ്പിലാക്കുന്ന ഘടകങ്ങളായ കോക്കനട്ട് ഫാം ഇൻഷ്വറൻസ് സ്കീമും, എസ്റ്റാബ്ലിഷ്മെന്റ് ഓഫ് റീജിയണൽ കോക്കനട്ട് നഴ്സറി എന്ന സ്കീമുകളാണ് 50% കേന്ദ്ര സഹായം ലഭിക്കുന്ന പദ്ധതികൾ. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് എന്ത് തുകയാണ് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളത്; ഇനം തിരിച്ച് വിശദാംശം നൽകുമോ; | (ബി) | കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെ പദ്ധതികളിൽ 3 ഘടകങ്ങളാണ് കൃഷി വകുപ്പിലൂടെ നടപ്പിലാക്കുന്നത്. ഇതിൽ 2 ഘടകങ്ങളായ എസ്റ്റാബ്ലിഷ്മെന്റ് ഓഫ് |

| | | | |
|---|---|---|---|
| | | | റീജിയണൽ കോക്കനട്ട് നഴ്സറിയും, കോക്കനട്ട് പാം ഇൻഷ്വറൻസും 50% CDB സബ്സിഡിയോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയാണ്. ഇതിൽ എസ്റ്റാബ്ലിഷ്മെന്റ് ഓഫ് റീജിയണൽ കോക്കനട്ട് നഴ്സറി പദ്ധതിയ്ക്ക് 48 ലക്ഷം രൂപയും കോക്കനട്ട് പാം ഇൻഷ്വറൻസ് പദ്ധതിയ്ക്ക് 5 ലക്ഷം രൂപയും, റീപ്ലാനിംഗ് ആന്റ് റെജുവനേഷൻ ഓഫ് ഓൾഡ് കോക്കനട്ട് ഗാർഡൻ (100%) പദ്ധതിയ്ക്ക് 1315.650 ലക്ഷം രൂപയും കേന്ദ്രസർക്കാർ അനുവദിച്ചുതന്നിട്ടുള്ളതാണ്. |
| (സി) | ലഭിച്ച തുകയിൽ ഓരോ ഇനത്തിലും 2018 ഫെബ്രുവരി 28 വരെ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) | ലഭിച്ച തുകയിൽ, റീപ്ലാനിംഗ് ആന്റ് റെജുവനേഷൻ ഓഫ് ഓൾഡ് കോക്കനട്ട് ഗാർഡൻ എന്ന പദ്ധതിയിൽ ലഭിച്ച തുകയായ 1315.650 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരം പദ്ധതികളുടെ അവലോകനം നടത്തുന്നതിനുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ? | (ഡി) | ഓരോ സാമ്പത്തിക വർഷവും തൊട്ടു മുമ്പുള്ള സാമ്പത്തിക വർഷാവസാനമോ ആ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിലോ ഓരോ പദ്ധതിയ്ക്കുമുള്ള പ്രസ്തുത സാമ്പത്തിക വർഷത്തെ മൊത്തമായ ടെൻഡേറ്റീവ് അലോക്കേഷൻ കേന്ദ്ര സർക്കാർ അറിയിക്കുന്ന മുറയ്ക്ക് വാർഷിക ആക്ഷൻപ്ലാൻ സംസ്ഥാന വിഹിതമുൾപ്പെടെ സർക്കാരിന് സമർപ്പിക്കുകയും ആക്ഷൻപ്ലാൻ അംഗീകരിച്ച് ഒന്നോ രണ്ടോ ഗഡുക്കളായി തുക അനുവദിക്കുന്ന രീതിയാണ് നിലവിലുള്ളത്. 2015-2016 ൽ ചില പദ്ധതികൾക്ക് കേന്ദ്രം അനുവദിച്ച തുക ട്രഷറി നിയന്ത്രണംമൂലം 2016-2017 ൽ ആണ് ലഭ്യമായത്. ഈ സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് 28/03/2017-ലെ 1053625/CC1/2016/PLG നമ്പർ സർക്കുലർ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിൻപ്രകാരം പ്ലാനിംഗ് & ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ കോർഡിനേഷൻ സെൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം നടത്തുകയും സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം കർശനമായി പാലിച്ചുകൊണ്ട് കേന്ദ്ര അലോക്കേഷൻ പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള പദ്ധതികൾക്കെല്ലാംതന്നെ സമയ-ബന്ധിതമായി പ്രൊപ്പോസലുകളും ആന്വൽ |

| | | | |
|---|---|---|---|
| | | | ആക്ഷൻ പ്ലാനും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ SCP, TSP കമ്പോനന്റുകൾക്ക് നിലവിൽ അക്കൗണ്ട് ഹെഡ് ഇല്ലാത്തതിനാൽ അവ പ്രത്യേകമായി ധന പുനർവിനിയോഗംവഴി കണ്ടെത്തി വിനിയോഗിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ